

# എന്താണ് ജ്ഞാനം?

കെ.പി ഇസ്മാഈൽ

**യഥാർഥ ജ്ഞാനത്തിന്റെ അതുല്യമായ സവിശേഷത, ആരെയും ഉൾക്കൊള്ളാൻ അതിന് മടിയുണ്ടാവില്ല എന്നതാണ്. എത്ര എളിയവനെയും അത് ആദരിക്കും. പ്രവാചകന്മാരുടെ ജീവിതം നൽകുന്ന ഏറ്റവും മഹത്തായ സന്ദേശം അതാണ്. നബിയെക്കുറിച്ച് പ്രമാണിമാരായ ശത്രുക്കളുടെ ഒരാക്ഷേപം, അദ്ദേഹത്തിന്റെയടുക്കൽ ഒത്തുകൂടുന്നത് കൂടുതലും സമൂഹത്തിലെ താഴെ തട്ടില്ലുള്ളവരാണെന്നതായിരുന്നു.**

'**ഭൂമി** സൂര്യനെ ചുറ്റുന്നു' എന്നത് ഒരു അറിവാണ്. അങ്ങനെയുള്ള ഒരായിരം അറിവുകൾ ഹൃദിസ്ഥമാക്കിയവരുണ്ടാകാം. അത്തരം അറിവ് ബുദ്ധിയുമായി മാത്രം ബന്ധപ്പെട്ടതാണ്. അല്ലെങ്കിൽ ഓർമശക്തിയുമായി. മനസ്സിനെ സംസ്കരിക്കാൻ ഈ അറിവ് പര്യാപ്തമല്ല. ടൺ കണക്കിന് അറിവുണ്ടായിട്ടും ഹൃദയസംസ്കരണം സാധിക്കാത്തവനെ ജ്ഞാനിയെന്നു വിളിക്കാനാവില്ല. ഇത്തരം ഉപരിപ്ലവമായ ജ്ഞാനമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതിയ തലമുറക്ക് നൽകുന്നത്. ധാർമികത അവിടെ ഒരു പരിഗണനാ വിഷയമേ അല്ല. അതുകൊണ്ടാണ് നമ്മുടെ കലാശാലകളിൽ റാഗിംഗിന്റെ പേരിൽ മൃഗങ്ങളെ നാണിപ്പിക്കുന്ന ചെയ്തികൾ അരങ്ങേറുന്നത്.

വിദ്യാഭ്യാസം നേടിയവർ വിവേകികളും കാരുണ്യമുള്ളവരുമായിരിക്കണമെന്നില്ല. അലി ഇസ്സത്ത് ബെഗോവിച്ച് എഴുതി: "പിന്നാക്കം നിൽക്കുന്നവരേക്കാൾ, ശക്തമായ കൗശലവും ദുഷ്ടതകളും ഉള്ളവരാണ് വിദ്യാസമ്പന്നരായ വ്യക്തികളും സമൂഹങ്ങളും എന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. നീതി കെട്ടവരും നാശകാരികളുമായ സാമ്രാജ്യശക്തികൾ, വിദ്യാഭ്യാസം കുറഞ്ഞവരും അവികസിതരുമായ ജനങ്ങളെ കീഴടക്കാനായി അധാർമികവും വംശവിച്ഛേദം വരുത്തുന്നതുമായ യുദ്ധം ചെയ്തു" (*ഇസ്‌ലാം രാജമാർഗം*).

ദൈവവിശ്വാസത്തിലധിഷ്ഠിതമായ ജ്ഞാനം മാത്രമേ വ്യക്തിയെ പൂർണ മനുഷ്യനാക്കുകയുള്ളൂ. ഭക്തിയും അറിവും മനുഷ്യസേവനത്തിന് പ്രേരകമാകുന്നില്ലെങ്കിൽ അവ കപടവും ഫലശൂന്യവുമാണ്. ഒരു പ്രവാചകവചനം ഇങ്ങനെ: "ലുബ്ധനായ ഭക്തനേക്കാൾ ഉദാരനായ അജ്ഞനെയാണ് അല്ലാഹുവിന് ഇഷ്ടം" (തിർമിദി). മാനുഷികഗുണങ്ങൾ ദൈവിക ഗുണങ്ങളുടെ പ്രകടനമാണ്. പ്രവാചകൻ പറയുകയുണ്ടായി: "തന്നെ തള്ളിപ്പറയുന്നവരോടു പോലും ഔദാര്യം കാണിക്കുന്നവനാണ് ദൈവം. നാമും അവന്റെ ഗുണമാണ് ഉൾക്കൊള്ളേണ്ടത്. അതിനാൽ ശത്രുക്കളോടും കരുണ കാണിക്കുക." ദൈവിക ജ്ഞാനം ഒരാളുടെ ഉള്ളിൽ കടന്നുവെന്നതിന്റെ യഥാർഥ ലക്ഷണം കാരുണ്യവും വിനയവും സഹജീവി സ്നേഹവുമൊക്കെയാണ്. ''മതനിഷേധിയെ കണ്ടുവോ? അനാഥയെ ആട്ടിയകറ്റുന്നവനാണവൻ" എന്നു തുടങ്ങുന്ന ഖുർആൻ സൂക്തങ്ങൾ ഈ വസ്തുതയാണ് വ്യക്തമാക്കുന്നത്. ഭക്തിയുടെ ബാഹ്യമായ എന്തു വേഷങ്ങൾ അണിഞ്ഞാലും എത്ര ജപമാലകൾ കൈയിലേന്തിയാലും സഹജീവി സ്നേഹമില്ലാത്തവന് ദൈവത്തിങ്കൽ ഒരു സ്ഥാനവുമില്ല. പ്രവാചകൻ പറയുകയുണ്ടായി: "ദൈവത്തെയോർത്ത് വിനയം കൈക്കൊള്ളുന്നവന് താൻ എളിയവനാണെന്നു തോന്നുമെങ്കിലും ജനങ്ങളുടെ കണ്ണിൽ ദൈവം അവനെ ഉയർത്തിക്കാട്ടും. അഹന്ത നടിക്കുന്നവന് സ്വയം വലുതായി തോന്നുമെങ്കിലും ജനങ്ങളുടെ കണ്ണിൽ ദൈവം അവനെ ചെറുതാ

ക്കിക്കളയും."

ജ്ഞാനം കച്ചവടച്ചരക്കല്ല. ജ്ഞാനത്തെ കച്ചവടച്ചരക്കാക്കുന്നവൻ ജ്ഞാനമെന്തെന്ന് അറിഞ്ഞിട്ടില്ല. ജ്ഞാനത്തിന് മൂല്യം കണക്കാക്കാനാവില്ല. ഗാന്ധിജി പറഞ്ഞു: "പണം കൊണ്ട് നമുക്ക് വിഷമോ അമൃതോ വാങ്ങാം. എന്നാൽ ജ്ഞാനം കൊണ്ടോ ഭക്തി കൊണ്ടോ യാതൊന്നും വാങ്ങാൻ കഴിയില്ല." അദ്ദേഹം എഴുതി: "എവിടെയാണോ സത്യമുള്ളത്, അവിടെ യഥാർഥ ജ്ഞാനമുണ്ടായിരിക്കും. സത്യമില്ലാത്തിടത്ത് യഥാർഥ ജ്ഞാനമുണ്ടായിരിക്കുകയില്ല. യഥാർഥ ജ്ഞാനമില്ലാതെ മനഃശാന്തിയുണ്ടാവില്ല... ചിത് അല്ലെങ്കിൽ ജ്ഞാനം എന്ന വാക്ക് ഈശ്വരനുമായി ബന്ധപ്പെട്ടിരിക്കുന്നു."

'ദൈവദാസന്മാരിൽ ജ്ഞാനികൾ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുന്നുള്ളൂ' എന്ന് ഖുർആൻ (*ഫാത്വിർ* 28) പറയുന്നുണ്ട്. ഈ സൂക്തം വിശദീകരിച്ച് മൗലാനാ മൗദൂദി എഴുതുന്നു: "ഈ ജ്ഞാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദർശനം, ചരിത്രം, ഭൗതിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലുള്ള വിദ്യാഭ്യാസമല്ല. ദൈവികഗുണങ്ങളെ സംബന്ധിച്ച ബോധമാണ്. അതിനെപ്പറ്റി വ്യവസ്ഥാപിതമായി വിദ്യാഭ്യാസം ചെയ്യട്ടെ, ചെയ്യാതിരിക്കട്ടെ, ഒരാൾ തന്റെ കാലഘട്ടത്തിലെ പ്രമുഖ പണ്ഡിതനാണെങ്കിൽ പോലും ദൈവഭയമില്ലാത്തവനാണെങ്കിൽ അയാൾ ദൈവികഗുണങ്ങളുടെ കാര്യത്തിൽ കേവലം അജ്ഞനാണ്. ദൈവത്തിന്റെ ഗുണങ്ങളെക്കുറിച്ച് ബോധവാനാവുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്ന ഒരാൾ നിരക്ഷരനാണെങ്കിലും ജ്ഞാനിയാകുന്നു. ഹസൻ ബസ്വരിയും ഇതേ കാര്യം ഉണർത്തുന്നു: "പരമകാരുണികനെ അദൃശ്യമായി ഭയപ്പെടുകയും അവൻ ഇഷ്ടപ്പെടുന്നതിനെ ഇഷ്ടപ്പെടുകയും അവൻ വെറുക്കുന്ന കാര്യങ്ങളോട് വിരക്തി പുലർത്തുകയും ചെയ്യുന്നവനാണ് ആലിം" (*തഫ്ഹീമുൽ ഖുർആൻ*, നാലാം വാല്യം, വ്യാഖ്യാനക്കുറിപ്പ് 49).

പണ്ഡിതന്മാർക്ക് പല കാര്യത്തിലും പരന്ന അറിവുണ്ടായിരിക്കാം. പക്ഷേ, അവയുടെ ഫലം അവരുടെ പെരുമാറ്റത്തിലോ ഇടപാടുകളിലോ കാണണമെന്നില്ല. എന്തു വൃത്തികേടുകൾ ചെയ്യാനും അവർ മടിച്ചില്ലെന്നു വരാം. അത്തരം പണ്ഡിതന്മാരെയാണ് 'ആകാശത്തിനു ചുവട്ടിലെ നികൃഷ്ട ജീവികൾ' എന്ന് നബി(സ) വിശേഷിപ്പിച്ചത്. ഗാന്ധിജി പറഞ്ഞു: "പണ്ഡിതന്മാർ എന്ന് അറിയപ്പെടുന്നവർ ഒരുതരം ജ്ഞാനത്തിന് അടിമകളാണ്. അവർക്ക് ഓർമയിൽനിന്നും വേദം ചൊല്ലാൻ കഴിഞ്ഞെന്നുവരാം. പക്ഷേ, അവർ ആത്മാസക്തിയിൽ അഭിരമിച്ചേക്കാം. ഭക്തിയില്ലാത്ത ജ്ഞാനം നിഷ്ഫലമാണ്.... കേവല ജ്ഞാനം കൈമുതലാക്കിയവർ പാണ്ഡിത്യപ്പരീക്ഷ ജയിച്ചേക്കാം. അത്തരക്കാർ ഒരു തരത്തിലുള്ള സേവനവും ചെയ്തുകൊള്ളണമെന്നില്ല" (*ഗീതാസന്ദേശം*).

തങ്ങളുടെ പാണ്ഡിത്യം അഥവാ പാണ്ഡിത്യപ്പട്ടം ജനങ്ങളെ വഴിതെറ്റിക്കാനും കബളിപ്പിക്കാനും ചൂഷണം ചെയ്യാനുമുള്ള സൂത്രമാക്കുകയാണ് ചില പണ്ഡിതന്മാർ ചെയ്യുന്നത്. അവർ ഖുർആനും സുന്നത്തും ദുർവ്യാഖ്യാനം ചെയ്യുകയും പല സത്യങ്ങളും ജനങ്ങളിൽനിന്ന് മറച്ചുവെക്കുകയും ചെയ്യുന്നു. എന്നിട്ട് സ്വന്തം അജണ്ട ജനങ്ങളെക്കൊണ്ട് നടപ്പാക്കുന്നു. അവയാകട്ടെ തൗഹീദിനും സുന്നത്തിനും വിരുദ്ധവും. അവരുടെ തെറ്റുകൾ ചൂണ്ടിക്കാട്ടുന്നവരെ പിഴച്ചവരെന്നും പുത്തൻവാദികളെന്നും അധിക്ഷേപിക്കുന്നു.

നമ്മുടെ ഒരു മുൻ പ്രധാനമന്ത്രി ബഹുഭാഷാ പണ്ഡിതനായിരുന്നു. അദ്ദേഹത്തിന് പതിനാലു ഭാഷകൾ അറിയാമായിരുന്നു. പക്ഷേ, ചരിത്ര പ്രസിദ്ധമായ ഒരു ആരാധനാലയം വർഗീയശക്തികൾ തകർക്കുകയും ഒരു സമുദായം നീചമായി ആക്രമിക്കപ്പെടുകയും ചെയ്തപ്പോൾ അതിനെതിരെ ഒരു വാക്കു പോലും അദ്ദേഹത്തിന്റെ വായിൽനിന്നു പുറത്തുവന്നില്ല. അറിവ് ഹൃദയത്തിൽ കടക്കാത്തതിന്റെ ഫലമാണത്. അറിവും സംസ്കാരവും ഒന്നല്ല എന്നതിന് വ്യക്തമായ ഉദാഹരണമാണിത്. അതേയവസരം സിനിമാതാരങ്ങളും ക്രിക്കറ്റു താരങ്ങളും ജീവൻ പണയം വെച്ചും കൊലപാതകം തടയാൻ ശ്രമിക്കുകയുണ്ടായി. എം.പി വീരേന്ദ്രകുമാർ എഴുതുന്നു: "കാറിൽ രക്ഷപ്പെടാൻ ശ്രമിച്ച ഒരു മുസ്‌ലിം കുടുംബത്തെ ശിവസേനക്കാർ ആക്രമിക്കാൻ മുതിരുന്നത് ഫ്ളാറ്റിന്റെ ബാൽക്കണിയിൽനിന്നു കണ്ട സുനിൽ ഗവാസ്കർ ഓടിയെത്തി ഗുണ്ടകളെ നേരിട്ടു. എന്നെ കൊന്നിട്ടു മാത്രമേ നിങ്ങൾക്ക് അവരെ തൊടാനൊക്കൂ എന്ന ഗവാസ്കറുടെ ഗർജനത്തിനു മുന്നിൽ അക്രമികൾ ചൂളിപ്പോയി. അവർ പിരിഞ്ഞുപോവുകയായിരുന്നു" (*രാമന്റെ ദുഃഖം*).

ഹൃദയത്തിൽനിന്ന് ജ്ഞാനം ഊരിപ്പോയ പണ്ഡിതന്മാരുണ്ട്. സമുദായ ചൂഷണം തൊഴിലാക്കിയ അത്തരം പണ്ഡിതന്മാരെക്കുറിച്ച് അമീൻ അഹ്സൻ ഇസ്‌ലാഹി എഴുതുന്നു: "പള്ളിയിലെ മൈക്കിനു മുന്നിൽ നിന്ന് മണിക്കൂറുകൾ നീണ്ട പ്രസംഗങ്ങളും ഖുത്വ്ബകളും നടത്തുന്ന ധാരാളം പ്രഭാഷകരും ഉപദേശകരും നമുക്കുണ്ട്. എന്നാൽ, ദീനിൽ എത്ര സുപ്രധാനവും സുസമ്മതവുമാണെങ്കിലും ശ്രോതാക്കൾക്ക് ഇഷ്ടമാകാത്ത കാര്യങ്ങൾ പറയാൻ അവർ ധൈര്യം കാണിക്കാറില്ല. ശാഖാപരമായ കാര്യങ്ങളിൽ തർക്കവും വാദപ്രതിവാദങ്ങളും നടത്തി ചുറ്റി നടക്കുന്ന എത്രയോ പണ്ഡിതന്മാരുണ്ട്. എന്നാൽ, അധികാരിവർഗത്തിന്റെ അനിഷ്ടം വിളിച്ചുവരുത്തുമെന്ന് ഭയപ്പെടുന്ന, മതവിരുദ്ധവും മതത്തെ ഹനിക്കുന്നതുമായ നടപടികളെ കാണുകയോ കേൾക്കുകയോ ചെയ്യാത്ത മട്ടിലാണ് അവരുടെ നടപ്പ്" (*ആത്മസംസ്കരണം*, പേജ് 165). മറ്റൊരു വിഭാഗം പണ്ഡിതന്മാരെക്കുറിച്ച് ഇസ്‌ലാഹി എഴുതുന്നു: "ആരുടെയും അപ്രീതി സമ്പാദിക്കാതെ ഒരു നഷ്ടവും പറ്റാതെ സംസ്കരണം സാധിക്കണമെന്നാണവരുടെ ആഗ്രഹം. പാമ്പിനെ കൊല്ലണമെന്നുണ്ട്. പക്ഷേ, വടിക്ക് കേടുപറ്റരുത് എന്നു പറഞ്ഞതു പോലെ. പഠനക്ലാസ്സുകളിൽ അവർ ഖുർആനും ഹദീസും ക്ലാസ്സെടുക്കും. സമൂഹത്തിലെ തിന്മകളെ ഇടക്കിടെ പരിഹസിച്ചെന്നും വരും. ഇതെല്ലാം ചെയ്തുകൊണ്ടുതന്നെ എല്ലാവരും ഒഴുകുന്ന ദിശയിലേക്കുതന്നെ ഇവരും ഒഴുകും" (അതേ പുസ്തകം, പേജ് 171).

മണിമേടകളിൽ വസിക്കുന്ന പണ്ഡിതവേഷധാരികൾക്ക് പലതിനെക്കുറിച്ചും പരന്ന അറിവുണ്ടായിരിക്കാമെങ്കിലും ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ട ലാളിത്യമുണ്ടാവില്ല. പ്രവാചകൻ പറയുകയുണ്ടായി: "വിശ്വാസത്തിന്റെ ഭാഗമാകുന്നു ലാളിത്യം." ഹൃദയനൈർമല്യവും ആർദ്രതയും ജീവിതലാളിത്യവും സ്വായത്തമാക്കുന്നവനാണ് യഥാർഥ പണ്ഡിതൻ. അയാൾ സമൂഹത്തിന്റെ ആശാകേന്ദ്രവുമായിരിക്കും, പ്രത്യേകിച്ച് ദുർബല വിഭാഗത്തിന്റെ. മതമെന്നത് നിസ്സഹായർക്കു വേണ്ടിയുള്ള സേവനമാണ്. ഗാന്ധിജി എഴുതി: "നിസ്സഹായരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും രൂപത്തിലാണ് ഈശ്വരൻ നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. ദരിദ്രരെ സേവിക്കുന്നതിലൂടെയും അവരുമായി താദാത്മ്യം പ്രാപിക്കുന്നതിലൂടെയും മാത്രമേ ആത്മസാ



പണ്ഡിതന്മാർക്ക് പല കാര്യത്തിലും പരന്ന അറിവുണ്ടായിരിക്കാം. പക്ഷേ, അവയുടെ ഫലം അവരുടെ

**തങ്ങളുടെ പാണ്ഡിത്യം അഥവാ പാണ്ഡിത്യപ്പട്ടം ജനങ്ങളെ വഴിതെറ്റിക്കാനും കബളിപ്പിക്കാനും ചൂഷണം ചെയ്യാനുമുള്ള സൂത്രമാക്കുകയാണ് ചില പണ്ഡിതന്മാർ ചെയ്യുന്നത്. അവർ ഖുർആനെയും സുന്നത്തിനെയും ദുർവ്യാഖ്യാനം ചെയ്യുകയും പല സത്യങ്ങളും ജനങ്ങളിൽനിന്ന് മറച്ചുവെക്കുകയും ചെയ്യുന്നു. എന്നിട്ട് സ്വന്തം അജണ്ട ജനങ്ങളെക്കൊണ്ട് നടപ്പാക്കുന്നു. അവയാകട്ടെ തൗഹീദിനും സുന്നത്തിനും വിരുദ്ധവും. അവരുടെ തെറ്റുകൾ ചൂണ്ടിക്കാട്ടുന്നവരെ പിഴച്ചവരെന്നും പുത്തൻവാദികളെന്നും അധിക്ഷേപിക്കുന്നു.**

ക്ഷാത്കാരം സാധ്യമാകൂ'' (*എന്റെ ദൈവം*).

യഥാർഥ ജ്ഞാനത്തിന്റെ അതുല്യമായ സവിശേഷത, ആരെയും ഉൾക്കൊള്ളാൻ അതിന് മടിയുണ്ടാവില്ല എന്നതാണ്. എത്ര എളിയവനെയും അത് ആദരിക്കും. പ്രവാചകന്മാരുടെ ജീവിതം നൽകുന്ന ഏറ്റവും മഹത്തായ സന്ദേശം അതാണ്. നബിയെക്കുറിച്ച് പ്രമാണിമാരായ ശത്രുക്കളുടെ ഒരാക്ഷേപം, അദ്ദേഹത്തിന്റെയടുക്കൽ ഒത്തുകൂടുന്നത് കൂടുതലും സമൂഹത്തിലെ താഴെ തട്ടിലുള്ളവരാണെന്നതായിരുന്നു. അയിത്തവും തൊട്ടുകൂടായ്മയുമൊന്നും ഒരിക്കലും ദൈവികമതത്തിന്റെ ഭാഗമാകാവതല്ല.

മക്കയിലെ മുഹമ്മദ് ജനങ്ങളുടെ കണ്ണിലുണ്ണിയും വിശ്വസ്തനും ഗുണകാംക്ഷിയും പരോപകാരിയും അഗതികളുടെ തോഴനും മർദിതരുടെ അഭയകേന്ദ്രവുമായിരുന്നു. എങ്കിലും അദ്ദേഹത്തിന് അക്ഷരജ്ഞാനമുണ്ടായിരുന്നില്ല. ജനങ്ങൾ അദ്ദേഹത്തെ 'അൽഅമീൻ' (വിശ്വസ്തൻ) എന്നു വിളിച്ചു. എന്നാൽ ജ്ഞാനിയെന്ന് ഖുറൈശികളിൽ പരക്കെ അറിയപ്പെട്ടിരുന്ന, അബുൽഹകം (യുക്തിജ്ഞതയുടെ പിതാവ്) എന്നു വിളിപ്പേരുണ്ടായിരുന്ന അബൂജഹ്ൽ ധിക്കാരിയും ദ്രോഹിയും അഹങ്കാരിയും ക്രൂരനുമായിരുന്നു. ഈ താരതമ്യം യഥാർഥ ജ്ഞാനമെന്താണെന്നും ജ്ഞാനിയുടെ ജീവിത ദൗത്യമെന്താണെന്നും വ്യക്തമാക്കുന്നുണ്ട്.

ജ്ഞാനസമ്പാദനം ശരിയായ ചാലുകളിലൂടെ സഞ്ചരിക്കുമ്പോൾ മനസ്സ് ദൈവസ്മരണയിൽ നിമഗ്നമാകും. അതിനെപ്പറ്റിയാണ് ഖുർആൻ ഇങ്ങനെ വ്യക്തമാക്കുന്നത്: ''അവർ നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിക്കുന്നവരാണ്; ആകാശഭൂമികളുടെ സൃഷ്ടിയെക്കുറിച്ച് ആലോചിക്കുന്നവരും. അവർ പറയും: ഞങ്ങളുടെ നാഥാ, ഇതൊന്നും നീ വെറുതെ സൃഷ്ടിച്ചതല്ല. നീ പരിശുദ്ധൻ. അതിനാൽ ഞങ്ങളെ നീ നരകശിക്ഷയിൽനിന്ന് കാത്തുരക്ഷിക്കേണമേ" (*ആലുഇംറാൻ* 191). ദിവ്യജ്ഞാനം നിറഞ്ഞ ആത്മാവിനുണ്ടാവുന്ന അനുഭൂതിയെക്കുറിച്ച് സയ്യിദ് ഖുത്ബ് വിവരിക്കുന്നു: "അതേസമയം സത്യവിശ്വാസിയായ യഥാർഥ ജ്ഞാനി ഈ സുന്ദര പ്രപഞ്ചത്തിന്റെ മഹോത്സവത്തിൽ പ്രണാമത്തോടെ നിൽക്കുകയായിരിക്കും.... മഹാ പ്രപഞ്ചത്തിന്റെ സ്രഷ്ടാവിൽ ലയിച്ചിരിക്കുകയായിരിക്കും" (*ഖുർആന്റെ തണലിൽ, അൽമുൽക്*, വ്യാഖ്യാനക്കുറിപ്പ്).

ജ്ഞാനം എന്നത് ഹൃദയത്തിന്റെ വെളിച്ചമാണ്. ബാഹ്യവേഷത്തിന് അതിൽ ഒരു സ്ഥാനവുമില്ല. ഒരാൾ ജ്ഞാനിയാണെന്നതിന്റെ അടയാളം അയാളുടെ സേവനപ്രവർത്തനങ്ങളാണ്. സമുദായത്തിൽ പണ്ഡിതന്മാർ ഏറെയുണ്ടെങ്കിലും സമൂഹത്തിലെ ദാരിദ്ര്യവും രോഗങ്ങളും ദുരിതങ്ങളും കുറക്കാൻ അവരുടെ പാണ്ഡിത്യം ഉപകാരപ്പെടുന്നില്ല. ധനികരുടെ പണക്കൂമ്പാരം സമൂഹത്തിലെ അവശവിഭാഗങ്ങളുടെ നന്മക്കായി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനുപകരം, ധനികരുടെ അവിഹിത സമ്പാദ്യത്തിന്റെ കാവൽക്കാരായി അധഃപതിക്കുകയാണ് പണ്ഡിതന്മാർ. പണ്ഡിതന്മാർക്ക് ജ്ഞാനത്തിന്റെ ഗുണം നേടാനായിട്ടില്ല എന്നാണിത് കാണിക്കുന്നത്. പണ്ഡിതന്മാരുടെ ഹൃദയത്തിൽനിന്ന് ജ്ഞാനത്തെ പുറന്തള്ളുന്നതെന്താണെന്ന് കഅ്ബി (റ) നോട് ഉമർ(റ) ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി 'മോഹം' എന്നായിരുന്നു (*ആത്മസംസ്കരണം*, പേജ് 166).

വിനയം, സത്യസന്ധത, സേവനതൽപരത തുടങ്ങിയ മാനുഷിക ഗുണങ്ങളുടെ വിളനിലമായിരിക്കും, ആയിരിക്കണം ജ്ഞാനികൾ. പ്രവാചകൻ തന്നെയാണ് ഏറ്റവും നല്ല ഉദാഹരണം. ജ്ഞാനം സാമൂഹിക പരിവർത്തനത്തിന് സഹായകമാകണം. പ്രത്യേകിച്ച് അടിച്ചമർത്തപ്പെട്ടവരുടെ മോചനത്തിന്. അവിടെയാണ് ഖുർആനിക ജ്ഞാനത്തിന്റെയും പ്രവാചകചര്യയുടെയും പ്രസക്തി. ഖുർആന്റെ ആധ്യാപനങ്ങളും പ്രവാചകന്റെ പ്രവർത്തനങ്ങളും ഒരു സമൂഹത്തെ മാറ്റിപ്പണിതു. ചരിത്രത്തെ തിരുത്തിക്കുറിച്ചു. അതാണ് യഥാർഥ ജ്ഞാനത്തിന്റെ ശക്തി. ഈ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോഴാണ് നമ്മുടെ പണ്ഡിതന്മാരുടെ പരാജയവും സഹതാപാർഹമായ നിഷ്ക്രിയത്വവും വ്യക്തമാവുക. ഒരു ഗ്രാമത്തെപ്പോലും ഉദ്ബുദ്ധമാക്കാനോ ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കാനോ അവർക്ക് കഴിയുന്നില്ല. ■